## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 541

01.12.2015-ലെ മറുപടിയ്ക്ക്

## പട്ടികജാതി/ പട്ടികവർഗ്ഗ വായ്പാ കുടിശ്ശിക ഒഴിവാക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് എത്ര തവണ ഉത്തരവിറക്കിയിട്ടുണ്ട് ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിക തിരിച്ചടവിൽ നിന്ന് ഒഴിവാക്കിക്കൊണ്ട് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ലെങ്കിലും പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർ സഹകരണ സംഘങ്ങളിൽ നിന്ന് എടുത്തിരുന്ന വായ്പകൾക്ക് കടാശ്വാസം അനുവദിച്ചുകൊണ്ട് രണ്ട് തവണ ഉത്തരവിറക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഒന്നരലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50,000/- രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 10.12.2013 ലെ |

സ.ഉ.(അച്ചടി)
99/13/പജപവവിവ നമ്പർ
പ്രകാരം സർക്കാർ
ഉത്തരവാകുകയും, ആയതിലേയ്ക്ക്
12 കോടി രൂപ സഹകരണ
സംഘം രജിസ്ട്രാർക്ക് സർക്കാർ
അനുവദിച്ച് നൽകുകയും
ചെയ്തിട്ടുണ്ട്. സംഘങ്ങൾ സ്വന്തം
ഫണ്ട് ഉപയോഗിച്ച് വിതരണം
ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട
ആനുകൂല്യം അനുവദിച്ച്
നൽകുന്നതിന് പട്ടികജാതി
പട്ടികവർഗ്ഗ വികസന വകുപ്പിന്റെ
മാർഗ്ഗനിർദ്ദേശം ലഭ്യമാകുന്ന
മുറയ്ക്ക് അർഹമായ തുക
സംഘങ്ങൾക്ക് അനുവദിച്ച്
നൽകുന്നതാണ്.
ഒന്നര ലക്ഷം രൂപാവരെ
വാർഷിക കുടുംബ വരുമാനമുള്ള
പട്ടികജാതി വിഭാഗക്കാർ
സഹകരണ സ്ഥാപനങ്ങളിൽ
നിന്നും എടുത്തിട്ടുള്ളതും
31.3.2010-ൽ കാലാവധി
കഴിഞ്ഞ് കുടിശ്ശികയായതുമായ
ഒരു ലക്ഷം രൂപ വരെയുള്ള
വായ്പകൾക്ക് കടാശ്വാസം
അനുവദിച്ച് 30.3.2015 ലെ സ.ഉ.
(അച്ചടി) 24/15/പജപവവിവ
നമ്പർ പ്രകാരം സർക്കാർ
ഉത്തരവായിട്ടുണ്ട്. ടി
ഉത്തരവിന് അനുസൃതമായ
പദ്ധതി സഹകരണ
സംഘങ്ങളിൽ നടപ്പാക്കുന്നതിന്
സഹകരണ വകുപ്പ് നടപടി
സ്വീകരിച്ചിട്ടുണ്ട്.
31.3.2010-ൽ കാലാവധി
കഴിഞ്ഞ് കുടിശ്ശികയായ
വായ്പകൾക്കാണ് 30.3.2015 ലെ
സ.ഉ(അച്ചടി)
24/15/പജപവവിവ നമ്പർ
ഉത്തരവ് പ്രകാരം
ആനുകൂല്യത്തിന്
അർഹതയുള്ളത്.
ആനുകൂല്യത്തിന് അർഹത
നേടുന്നതിന് വായ്പക്കാരൻ ജാതി,

വരുമാന സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട വായ്പാ സംഘങ്ങളിൽ ഹാജരാക്കേണ്ട സമയപരിധിയും, വായ്പാക്കാരന്റെ വിഹിതം സംഘത്തിൽ അടക്കേണ്ട സമയപരിധിയും 31.5.2015 എന്ന് നിർദ്ദേശിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ആനുകൂല്യം പരമാവധി വായ്പക്കാർക്ക് ലഭ്യമാക്കുന്നതിനായി സമയപരിധി പിന്നീട് 31.8.2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഇനത്തിൽ സഹകരണ സംഘങ്ങൾക്ക് എത്ര തുക അനുവദിച്ചു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ഒന്നരലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ കടങ്ങൾക്ക് കടാശ്വാസം അനുവദിച്ചും, 50,000/- രൂപാ വരെയുള്ള കടബാധ്യത സർക്കാർ ഏറ്റെടുത്തും 10.12.2013 ലെ സ.ഉ.(അച്ചടി) 99/13/പജപവവിവ നമ്പർ പ്രകാരം സർക്കാർ ഉത്തരവാകുകയും, ആയതിലേക്ക് 12 കോടി രൂപ സഹകരണ സംഘം രജിസ്ട്രാർക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ സംഘങ്ങൾ ഫിനാൻസിംഗ് ബാങ്കിന്റെ ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട് അർഹതയുണ്ടെന്ന് കണ്ടെത്തിയ 2.64 കോടി രൂപ അർഹതപ്പെട്ട സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിച്ച്

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. സംഘങ്ങൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് വിതരണം ചെയ്ത വായ്പകളുമായി ബന്ധപ്പെട്ട ആനുകൂല്യം അനുവദിച്ച് നൽകുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മാർഗ്ഗനിർദ്ദേശം ആരാഞ്ഞിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അർഹമായ തുക സംഘങ്ങൾക്ക് അനുവദിച്ച് നൽകുന്നതാണ്. |
| (ഡി) | നിലവിൽ എസ്.സി/ എസ്.ടി വിഭാഗക്കാരുടെ വായ്പാകുടിശ്ശിക ഒഴിവാക്കിക്കൊണ്ട് ഉത്തരവിറക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നിലവിൽ എസ്.സി/എസ്.ടി വിഭാഗക്കാരുടെ വായ്പാ കുടിശ്ശിക ഒഴിവാക്കിക്കൊണ്ട് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

057933

17

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് 12.11.2009 ലെ സ.ഉ(അച്ചടി).100/09/പജപവവിവ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (അച്ചടി) നം. 99/2013/പജപവവിവ. തിരുവനന്തപുരം, തീയതി 10/12/2013

പരാമർശം:- 1. 12/11/2009 ലെ സ.ഉ.(അച്ചടി)നം. 100/2009/പജ പവ വിവ
2. 01/12/2010 ലെ സ.ഉ. (സാധാ) നം. 1198/2010/പജ പവ വിവ
3. 22/08/2011 ലെ സ.ഉ. (കൈ) നം. 86/2011/പജ പവ വിവ
4. 26/03/2013 ലെ സ.ഉ (കൈ) നം. 28/13/പജ പവ വിവ
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 09/05/2013 ലെ ഡെവ. B2-1940/09 നം. കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ, പരിവർത്തിത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും, 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകളുടെ 25,000/- രൂപ വരെയുള്ള ബാദ്ധ്യതകൾ എഴുതിതള്ളുന്നതിനും അതിനു മുകളിലുള്ള തുകയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ചുവടെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു.

(i) 31.03.2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ 25,000/- രൂപയിൽ താഴെയുള്ള വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പലിശ, പിഴപലിശ, മറ്റ് ചെലവുകൾ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുക ഉണ്ടെങ്കിൽ അത് വായ്പക്കാരന്റെ ബാധ്യതയായിരിക്കും.

(ii) 25,000/- രൂപയ്ക്ക് മുകളിലുള്ളതും, കുടിശ്ശികയായിട്ടുള്ളതുമായ വായ്പകളിൽ മുതലും, സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക നൽകാനുള്ള പലിശയും ഉൾപ്പെടെ 25,000/- രൂപവരെ സർക്കാർ വഹിക്കുന്നതാണ്. ഇതിന് മുകളിൽ വരുന്ന പിഴപലിശ,

വായ്പ ഈടാക്കാനുണ്ടായിട്ടുള്ള ചെലവ്, മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകേണ്ട പലിശയിൽ കൂടുതലായി സ്ഥാപനം ഈടാക്കിയിട്ടുള്ള പലിശ എന്നിവ അതാത് സ്ഥാപനങ്ങൾ എഴുതി തള്ളേണ്ടതാണ്. ശേഷിക്കുന്ന തുക വായ്പക്കാരന്റെ ബാദ്ധ്യതയായിരിക്കും.

പ്രസ്തുത ഉത്തരവിലൂടെ പുറപ്പെടുവിച്ച പദ്ധതിക്ക് കൂടുതൽ പ്രയോജനം വരത്തക്കവിധം വായ്പ തുകയുടെ പരിധി വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുകയും താഴെപ്പറയുന്ന വിധത്തിൽ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2006 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശിക ആയിട്ടുള്ളതുമായ വായ്പ കുടിശികയിന്മേൽ, സർക്കാരിന് ഏറ്റെടുക്കാവുന്ന ബാധ്യതയുടെ പരിധിയും അത്തരം കേസുകളിലെ വായ്പ തുകയുടെ പരിധിയും, 12/11/2009 ലെ ജി.ഒ (പി) നം. 100/09/പജപവവിവ എന്ന ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 25,000/-രൂപയിൽ നിന്ന് 50,000/- രൂപയായി വർദ്ധിപ്പിക്കുന്നു;

2. ഇപ്രകാരം പുനരാവിഷ്കരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ 17,89,02,566/- രൂപ (പതിനേഴ് കോടി എൺപത്തൊൻപത് ലക്ഷത്തി രണ്ടായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) പട്ടികജാതി വികസന വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ " 2225-01-800-57 കോർപ്പസ് ഫണ്ട് " എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നുകൊണ്ട് ചെലവഴിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ഡോ. ആഷാ തോമസ്**

**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം.
സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് ഉൾപ്പടെ)
രജിസ്ട്രാർ, സഹകരണസംഘം, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ, തൃശ്ശൂർ.
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വ്യവസായ വകുപ്പ്
പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

Bali KJ

**സെക്ഷൻ ഓഫീസർ.**

3866
4/4/15

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് – സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ സഹകരണ വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31/03/2010-ൽ തിരിച്ചടവ് കാലവധി കഴിഞ്ഞ് കടിശ്ശികയായതുമായ 1 ലക്ഷം രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ. (അച്ചടി) നം. 24/2015/പജപവവിവ. തിരുവനന്തപുരം, തീയതി, 30/03/2015

പരാമർശം.
1. 12/11/2009 ലെ സ.ഉ(അച്ചടി) നമ്പർ 100/2009/പജപവവിവ
2. 10/12/2013 ലെ സ.ഉ((അച്ചടി) നമ്പർ 99/13/പജപവവിവ
3. 16/10/2014 ലെ സ.ഉ(കൈ)നം. 74/14/പജപവവിവ
4. സഹകരണ സംഘം രജിസ്ട്രാറുടെ 07/10/2014 -ലെ സി.ജി. 1729/13 -ാം നമ്പർ കത്ത്.
5. പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ14/10/2014 -ലെ ബി2/5566/12 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ 25,000/- രൂപ വരെയുള്ള വായ്പകളുടെ 25,000/- രൂപവരെയുള്ള ബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനും അതിനു മുകളിൽ വരുന്ന തുകയുടെ പലിശ, പിഴപലിശ എന്നിവ ഒഴിവാക്കി നിബന്ധനകൾക്കു വിധേയമായി ഒറ്റത്തവണയായി തീർപ്പാക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പ്രസ്തുത ഉത്തരവിന്റെ ആനുകൂല്യം പല പ്രാവശ്യം ദീർഘിപ്പിച്ച് നൽകിയിരുന്നു.

2) തുടർന്ന്, പട്ടികജാതി വിഭാഗക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, ഖാദി ഗ്രാമ വ്യവസായ ബോർഡ്, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 50,000/- രൂപവരെയുള്ള വായ്പകൾ പരാമർശം ഒന്ന് ഉത്തരവിലുള്ള നിബന്ധനകൾക്ക് വിധേയമായി, പരാമർശം രണ്ട് പ്രകാരം എഴുതിതള്ളി ഉത്തരവായിരുന്നു. ഇതിനുപുറമെ, പട്ടികജാതി / പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ആദ്യകാലങ്ങളിൽ നടപ്പിലാക്കിയിരുന്നതും 31/03/2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ നാല് വായ്പാ പദ്ധതികൾ പ്രകാരം പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ള വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളുന്നതിന് പരാമർശം മൂന്ന് പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3) പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31/03/2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതാണെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. സർക്കാരിന്റെ മിഷൻ 676 പ്രകാരം പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പ്രധാന പരിപാടിയായി ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

4) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി, ഒന്നര ലക്ഷം രൂപവരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ളവും 31/03/2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന് ഏകദേശം 200 കോടി രൂപ വേണ്ടിവരുമെന്നും ഇതിന്റെ ആദ്യ ഗഡുവായി 50 കോടി രൂപ അനുവദിക്കണമെന്നും സഹകരണ സംഘം രജിസ്ട്രാർ പരാമർശം നാല് പ്രകാരം ആവശ്യപ്പെടുകയുണ്ടായി. കൂടാതെ 12/11/2009 ലെ ഉത്തരവ് പ്രകാരം വായ്പകൾ എഴുതിത്തള്ളുന്നതിനായി അനുവദിച്ച തുകയിൽ അഞ്ച് കോടി രൂപ മിച്ചമായി അവശേഷിച്ചിട്ടുണ്ടെന്നും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ രണ്ട് നാല് തവണകളായി അനുവദിച്ച് നൽകണമെന്നും സഹകരണ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. പദ്ധതി നടപ്പിലാക്കുന്നതിന് 767.38 ലക്ഷം രൂപ ആവശ്യമാണെന്ന് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറും പരാമർശം 5 പ്രകാരം അറിയിച്ചിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച്, പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും, 31/03/2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായതുമായ വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി ചുവടെ ചേർക്കുന്ന നിബന്ധനകൾ പ്രകാരം നടപ്പിലാക്കുന്നതിന് തീരുമാനിക്കുന്നു.

i. 31/03/2010-ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കടിശ്ശികയായിത്തീർന്ന വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ 1 ലക്ഷം രൂപവരെ സർക്കാർ വഹിക്കുന്നതാണ്. പിഴപ്പലിശ, കടിശ്ശിക ഈടാക്കുന്നതിനുണ്ടായ ചെലവ്, മറ്റേതെങ്കിലും ഇനത്തിൽ ഈടാക്കുന്ന തുക തുടങ്ങിയവ അതാത് സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വായ്പക്കാരന്റെ തന്നെ ബാദ്ധ്യതയായിരിക്കും. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്.

ii. വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്ക് മാത്രമെ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.

iii. ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളൂ.

iv. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

43

5. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31/03/2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളൂ.

6) പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള കടം എഴുതി തള്ളൽ പദ്ധതിയ്ക്ക് സ്ഥാപനങ്ങൾക്ക് തുകകൾ വിതരണം ചെയ്യുന്നതിനുള്ള നിർവഹണ ഏജൻസിയായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ 25/03/2010 ലെ സ.ഉ.(കൈ) 38/10/പജപവവ - ാം നിശ്ചയിച്ച് ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതികൾ തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുന്നു.

7) ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യഗഡു എന്ന നിലയിൽ 2225-80-190-~~34~~ 94 NP എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അനുവദിക്കുന്നു. തുടർന്ന് പദ്ധതിയ്ക്ക് ആവശ്യമുള്ള തുക ലഭ്യതയ്ക്കനുസരിച്ച് അനുവദിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ. ആഷാ തോമസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം
രജിസ്ട്രാർ, സഹകരണ സംഘം, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ സെക്ഷൻ), (ഇ&ആർ സെക്ഷൻ) കേരള.
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ, ഐ & പിആർഡി, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി)( vide Cabinet proceedings item no. 6304 തീയതി 28/01/2015.)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം.

Salini K.J

സെക്ഷൻ ഓഫീസർ